## പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

12.01.2021 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :375

ചോദ്യം

ശ്രീ.ആന്റണി ജോൺ

മറുപടി

ശ്രീ.പി.തിലോത്തമൻ

ഭക്ഷ്യവും, പൊതുവിതരണവും.

വകുപ്പ് മന്ത്രി

### കോതമംഗലം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഭക്ഷ്യപൊതുവിതരണ വകുപ്പ് കോതമംഗലം മണ്ഡലത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കോതമംഗലം നിയോജക മണ്ഡലത്തിൽ ദേശീയ ഭക്ഷ്യ ഭദ്രതാനിയമം-2013 അനുശാസിക്കുന്ന രീതിയിലുള്ള ഭക്ഷ്യധാന്യവിതരണവും കോവിഡ്-19 ന്റെ കാലയളവിൽ വിവിധ ഭക്ഷ്യകിറ്റുകളുടെയും വിതരണവും നടത്തിയിട്ടുണ്ട്. കൂടാതെ കുട്ടമ്പുഴ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന കല്ലേലിമേട് എന്ന പ്രദേശത്തെ വാരിയംകുട്ടി. തേര, ഉറിയംപെട്ടി എന്നീ ഊരുകളിൽ റേഷൻ വിതരണം നടത്തുന്നതിനായി സഞ്ചരിക്കുന്ന റേഷൻ കട പദ്ധതി നടപ്പിലാക്കി.<br><br>കോട്ടപ്പടി, നേര്യമംഗലം മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റ് ആയി ഉയർത്തി പ്രവർത്തനം ആരംഭിച്ചു. പോത്താനിക്കാട് മാവേലി സ്റ്റോർ മാവേലി സൂപ്പർ സ്റ്റോർ ആയി ഉയർത്തി പ്രവർത്തനം ആരംഭിക്കുന്നതിന് സജ്ജമായിട്ടുണ്ട്.<br><br>അടിവാട് സൂപ്പർ മാർക്കറ്റ്, പുതുപ്പാടി മാവേലി സ്റ്റോർ എന്നിവയുടെ നവീകരണ ജോലികൾ പൂർത്തിയായിട്ടുണ്ട്. ചെറുവട്ടൂർ പുതിയ സൂപ്പർ മാർക്കറ്റ് ആരംഭിച്ചു. കോതമംഗലം സൂപ്പർ മാർക്കറ്റ് കെട്ടിട മാറ്റം നടത്തി പ്രവർത്തനം ആരംഭിച്ചു. |

കോതമംഗലം താലൂക്കിൽ റേഷൻ സാധനങ്ങളുടെ സംഭരണത്തിനും റേഷൻ കടകൾക്കുള്ള വാതിൽപ്പടി വിതരണത്തിനും വേണ്ടി പുതിയ NFSA ഗോഡൗൺ കോട്ടപ്പടിയിൽ പ്രവർത്തനം ആരംഭിച്ചു.

(ബി) ഓരോ പദ്ധതികളുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ?

(സി) ഭക്ഷ്യ പൊതുവിതരണ വകുപ്പ് പുതുതായി എന്തെങ്കിലും പദ്ധതികൾ മണ്ഡലത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

(ബി) യും (സി) യും - സഞ്ചരിക്കുന്ന റേഷൻകട പദ്ധതി ഇപ്പോഴും തുടർന്നു വരുന്നു. സൂപ്പർ മാർക്കറ്റായി ഉയർത്തിയ കോട്ടപ്പടി, നേര്യമംഗലത്തെ മാവേലിസ്റ്റോറുകൾ പ്രവർത്തനം തുടരുന്നു. പുതിയതായി ആരംഭിച്ച ചെറുവട്ടൂരും കെട്ടിടമാറ്റം നടത്തിയ കോതമംഗലത്തെയും സൂപ്പർ മാർക്കറ്റുകൾ പ്രവർത്തനം തുടരുന്നു.

കുട്ടമ്പുഴ മാവേലി സ്റ്റോറിന്റെ കെട്ടിടമാറ്റം പരിഗണനയിലാണ്. കോതമംഗലം സൂപ്പർ മാർക്കറ്റ്, ഹോം അപ്ലയൻസ് ഉൾപ്പെടെ പ്രവർത്തിപ്പിക്കുന്നതിന് കൂടുതൽ സൗകര്യപ്രദമായ മറ്റൊരു കെട്ടിടത്തിലേക്ക് മാറ്റുന്നതിനുള്ള അനുമതി നൽകിയതു പ്രകാരമുള്ള പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുന്നു.

സെക്ഷൻ ഓഫീസർ